## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 352 | | 28.06.2011-ൽ മറുപടിയ്ക്ക് |
|---|---|---|
| ആറ്റിങ്ങൽ മണ്ഡലത്തിലെ അംഗൻവാടികളുടെ പ്രവർത്തനം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ബി. സത്യൻ | | ഡോ. എം.കെ.മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ നിലവിലുണ്ട്; | (എ) 193 അംഗൻവാടികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | അവയിൽ എത്ര അംഗൻവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു; | ബി) 92 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) | സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | **(സി)** അംഗൻവാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ആയതിനാൽ അവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകേണ്ടതും അവയുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചു നൽകേണ്ടതും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്. |
| (ഡി) | അംഗനവാടികളിൽ എത്തുന്ന പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പ്രത്യേക സഹായം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി ) ഇല്ല. ഇക്കാര്യം തത്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

| | | |
|---|---|---|
| (ഇ) | ആറ്റിങ്ങൽ മണ്ഡലത്തിന് മാത്രമായി പുതിയ പ്രോജക്ട് ആഫീസ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഇ ) നിലവിൽ ആറ്റിങ്ങൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന ആറ്റിങ്ങൽ മുനിസ്സിപാലിറ്റിയിൽ ഒരു അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫിസർ**